**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1780** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവകലാശാല നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണമെത്ര; ഇവയിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിവരം ലഭ്യമാക്കാമോ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അവ എത്രയെണ്ണമെന്നും റിപ്പോർട്ട് ചെയ്യാത്തതിന്റ കാരണം എന്തെന്നും വ്യക്തമാക്കാമോ; | (എ) | 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ മുൻപുണ്ടായിരുന്ന അംഗീകൃത തസ്തികകളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിൽ 16 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 2011 ൽ കേരള കാർഷിക സർവകലാശാല വിഭജിച്ച് KVASU ഉം KUFOS ഉം രൂപീകരിച്ചതിനെ തുടർന്ന് അനദ്ധ്യാപകരുടെ എണ്ണം 40% അധികമാകുകയും കൂടാതെ ഇ - ഓഫീസ് സംവിധാനം നടപ്പിലാക്കിയ വഴി ജോലിഭാരം കുറയുകയും യൂണിവേഴ്സിറ്റി നടത്തിയ വർക്ക് സ്റ്റഡിയിൽ ഇത്രയും അനദ്ധ്യാപക തസ്തികകൾ ആവശ്യമില്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിലും യൂണിവേഴ്സിറ്റിയുടെ ശുപാർശ പരിഗണിച്ച് സർക്കാർ സർവകലാശാല ആസ്ഥാനത്തെ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ 08/05/2025 ലെ G.O.(Ms)56/2025/AGR1 ഉത്തരവ് പ്രകാരം സർവകലാശാലയ്ക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർവകലാശാല ഭരണസമിതിയിലെ രണ്ടംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുവരെ ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് കാർഷിക സർവകലാശാല ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളതിനാൽ 2024 കലണ്ടർ വർഷത്തിലെ 16 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച ലഭ്യമാക്കാമോ; ഇവയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണമെത്ര; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്രയെണ്ണമെന്നും | (ബി) | മുൻപുണ്ടായിരുന്ന അംഗീകൃത തസ്തികകളുടെ അടിസ്ഥാനത്തിൽ 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റൻറ് തസ്തികയിലെ ഒഴിവുകൾ മാസം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.<br><br>\| ക്രമ നം. \| മാസം \| ഒഴിവ് \| |

<table>
<tr>
<td></td>
<td>റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;</td>
<td></td>
<td>
<table>
<tr><td>1</td><td>ജനുവരി</td><td>1</td></tr>
<tr><td>2</td><td>ഫെബ്രുവരി</td><td>1</td></tr>
<tr><td>3</td><td>മാർച്ച്</td><td>1</td></tr>
<tr><td>4</td><td>ഏപ്രിൽ</td><td>2</td></tr>
<tr><td>5</td><td>മെയ്</td><td>0</td></tr>
<tr><td>6</td><td>ജൂൺ</td><td>8</td></tr>
<tr><td>7</td><td>ജൂലൈ</td><td>0</td></tr>
<tr><td>8</td><td>ആഗസ്റ്റ്</td><td>0</td></tr>
<tr><td>9</td><td>സെപ്റ്റംബർ</td><td>0</td></tr>
<tr><td>10</td><td>ഒക്ടോബർ</td><td>0</td></tr>
<tr><td>11</td><td>നവംബർ</td><td>0</td></tr>
<tr><td>12</td><td>ഡിസംബർ</td><td>0</td></tr>
</table>
സർവകലാശാല ആസ്ഥാനത്തെ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ 08/05/2025 ലെ G.O.(Ms)56/2025/AGR1 ഉത്തരവ് പ്രകാരം സർവകലാശാലയ്ക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർവകലാശാല ഭരണസമിതിയിലെ രണ്ടംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുവരെ ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് കാർഷിക സർവകലാശാല ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളതിനാൽ 2025 കലണ്ടർ വർഷത്തിലെ 13 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.
</td>
</tr>
<tr>
<td>(സി)</td>
<td>കാർഷിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകൾ ആണ് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗത്തിലേക്കുമായി മാറ്റി വെക്കപ്പെട്ടിട്ടുള്ളതെന്ന് എണ്ണം തിരിച്ച് വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>2025 ജനുവരി മുതൽ ഡിസംബർ 31 വരെ അസിസ്റ്റൻറ് തസ്തികയിൽ 13 ഒഴിവുകൾ സംജാതമാകാം. സർവകലാശാല സ്റ്റാറ്റ്യൂട്ട് SRO No.1479/82 പ്രകാരം അസിസ്റ്റൻ്റ് തസ്തികയിലെ ഒഴിവുകളുടെ 5% ആഭ്യന്തര നിയമനം മുഖാന്തിരം നികത്തേണ്ടതാണ്.</td>
</tr>
<tr>
<td>(ഡി)</td>
<td>പ്രസ്തുത സ്ഥാപനങ്ങളിൽ 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ എത്ര എണ്ണം ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവക്കായി മാറ്റി വയ്ക്കും എന്നറിയിക്കാമോ;</td>
<td>(ഡി)</td>
<td>2026 ജനുവരി മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന/ ഉണ്ടാകാവുന്ന ഒഴിവുകൾ മാസം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. കെ.എ.യു സ്റ്റാറ്റ്യൂട്ട് SRO No.1479/82 പ്രകാരം ഒഴിവുകളുടെ 5% ആഭ്യന്തര നിയമനം മുഖാന്തിരം നികത്തേണ്ടതാണ്. 2026 വർഷത്തിൽ അസിസ്റ്റന്റ് തസ്തികയിൽ</td>
</tr>
</table>

<table>
<tr><td></td><td></td><td></td><td>സംജാതമാകാവുന്ന 21 ഒഴിവുകളിൽ 1 എണ്ണം (5%) ആഭ്യന്തര നിയമനത്തിനായി മാറ്റി വെക്കേണ്ടി വരുന്നതാണ്.<br>
<table>
<tr><th>ക്രമ നം</th><th>മാസം</th><th>ഒഴിവുകൾ</th></tr>
<tr><td>1</td><td>ജനുവരി</td><td>1</td></tr>
<tr><td>2</td><td>ഫെബ്രുവരി</td><td>0</td></tr>
<tr><td>3</td><td>മാർച്ച്</td><td>2</td></tr>
<tr><td>4</td><td>ഏപ്രിൽ</td><td>1</td></tr>
<tr><td>5</td><td>മേയ്</td><td>4</td></tr>
<tr><td>6</td><td>ജൂൺ</td><td>11</td></tr>
<tr><td>7</td><td>ജൂലൈ</td><td>0</td></tr>
<tr><td>8</td><td>ആഗസ്റ്റ്</td><td>0</td></tr>
<tr><td>9</td><td>സെപ്റ്റംബർ</td><td>0</td></tr>
<tr><td>10</td><td>ഒക്ടോബർ</td><td>1</td></tr>
<tr><td>11</td><td>നവംബർ</td><td>0</td></tr>
<tr><td>12</td><td>ഡിസംബർ</td><td>1</td></tr>
</table></td></tr>
<tr><td>(ഇ)</td><td>കാർഷിക സർവകലാശാല 23.08.2025-ഇൽ ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തവർ ആരൊക്കെ എന്നറിയിക്കാമോ; പ്രസ്തുത യോഗത്തിൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ തീരുമാനങ്ങൾ ആണ് എടുത്തിട്ടുള്ളത് എന്നറിയിക്കാമോ;</td><td>(ഇ)</td><td>23.08.2025-ന്ന നടന്ന ഭരണസമിതി യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>
1. ഡോ.ബി.അശോക് ഐ.എ.എസ്., വൈസ് ചാൻസലർ - ചെയർപേഴ്സൺ.<br>
2. അഡ്വ.കെ.രാജൻ, ബഹു. റവന്യൂ വകുപ്പ് മന്ത്രി & ഒല്ലൂർ എം.എൽ.എ<br>
3. ശ്രീ.പി.നന്ദകുമാർ, എം.എൽ.എ.<br>
4. ഡോ. തുളസി വി.<br>
5. ഡോ. സുരേഷ് കുമാർ പി.കെ.<br>
6. ഡോ.ഷിബു. എസ്. എൽ<br>
7. ഡോ.എ.സക്കീർ ഹുസൈൻ, രജിസ്ട്രാർ & എക്സ്ഒഫിഷ്യോ സെക്രട്ടറി<br>
പ്രസ്തുത യോഗത്തിൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട തീര്യമാനങ്ങളൊന്നും എടുത്തിട്ടില്ല.</td></tr>
<tr><td>(എഫ്)</td><td>ജി.ഒ.(Ms)നം.56/2025/അഗ്രി എന്ന ഓർഡർ പിൻവലിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കാർഷിക സർവകലാശാലയിൽ നിന്നും ഗവണ്മെന്റിലേക്ക് ആശയവിനിമയം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;</td><td>(എഫ്)</td><td>ഇല്ല.</td></tr>
<tr><td>(ജി)</td><td>ജി.ഒ.(Ms)നം.56/2025/അഗ്രി എന്ന ഓർഡർ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ പഠനം</td><td>(ജി)</td><td>സർവകലാശാല ആസ്ഥാനത്തെ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളുടെ എണ്ണത്തിൽ കുറവ്</td></tr>
</table>

| | | | |
|---|---|---|---|
| | നടത്തി റിപ്പോർട്ട് നൽകുന്നതിനായി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ എന്നും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്നും അറിയിക്കാമോ? | | വരുത്തുവാൻ 08/05/2025 ലെ G.O.(Ms)56/2025/AGR1 ഉത്തരവ് പ്രകാരം സർവകലാശാലയ്ക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ജീവനക്കാർ ഉന്നയിച്ച ആക്ഷേപങ്ങൾ കൂടി കേട്ട ശേഷം അന്തിമമായി തീരുമാനം എടുക്കുന്നതിനായി സർവകലാശാല ഭരണസമിതിയിലെ അംഗങ്ങളായ ശ്രീ.പി.നന്ദകുമാർ എം.എൽ.എ, ശ്രീ.ജി.എസ്.ജയലാൽ എം.എൽ.എ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രണ്ടുമാസമാണ് സമയപരിധിയായി നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ